## പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 605 — 11.12.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

### ചെക്ക് പോസ്റ്റുകളിലെ അഴിമതിയും ഗതാഗതക്കുരുക്കും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രെയിൻ, വോൾവോ ബസ്സുകൾ തുടങ്ങിയവയിലൂടെ ചരക്ക് കടത്തി നികുതി വെട്ടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ തടയുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാന ചെക്ക്പോസ്റ്റുകളിൽ കൂടുതൽ സ്റ്റാഫിനെ നിയമിച്ച് പരിശോധന ശക്തമാക്കിയിട്ടുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ക്വാഡുകൾ ടെയ്ക്ക് ഓവർ ചെക്കിങ്ങ്, റോഡ് ചെക്കിങ്ങ് എന്നിവ നടത്തുന്നുണ്ട്. റെയിൽവേ സ്റ്റേഷൻ പരിശോധന, അന്യ സംസ്ഥാനത്തുനിന്നും ചരക്കുമായി വരുന്ന ടൂറിസ്റ്റ് ബസ് പരിശോധന എന്നിവ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംയോജിത ചെക്ക് പോസ്റ്റുകൾ നിലവിൽ വന്നതെന്നാണ് ; അതിനുശേഷം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; | (ബി) | തിരുവനന്തപുരം ജില്ലയിലെ അമരവിളയിലാണ് സംയോജിത ചെക്ക് പോസ്റ്റ് നിലവിലുള്ളത്. ഇത് നിലവിൽ വന്നത് 01.09.2011 നാണ്. സംയോജിത ചെക്ക്പോസ്റ്റ് നിലവിൽ വന്നശേഷം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | ചെക്ക് പോസ്റ്റുകളിലെ അഴിമതി തടയുവാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (സി) | സാധിച്ചിട്ടുണ്ട്. |
| (ഡി) | ചെക്ക് പോസ്റ്റുകളിലെ ഗതാഗതക്കുരുക്ക് ഇല്ലാതാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ഡി) | ചെക്ക്പോസ്റ്റുകളിലെ ഗതാഗതക്കുരുക്ക് ഇല്ലാതാക്കുന്നതിന് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിലെ അമരവിള ചെക്ക്പോസ്റ്റിൽ ഗതാഗത |

(...........2)

| | | | |
|---|---|---|---|
| | | | ക്കുരുക്ക് പരിഹരിക്കുന്നതിന്റെ ഭാഗമായി അവിടെ ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിച്ചു. കേരളത്തിനു പുറത്തേക്ക് പോകുന്ന ചരക്കു വാഹനങ്ങളുടെ പരിശോധനയ്ക്കായി അമരവിള ടോൾ ജംഗ്ഷനു സമീപം പുതിയ ഒരു ഔട്ട് ചെക്ക് പോസ്റ്റ് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.<br>പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക്പോസ്റ്റിലെ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനായി അവിടെ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പ് പൂർത്തിയാക്കി വരുന്നു. വാളയാറിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനായി ചെക്ക്പോസ്റ്റിനു മുന്നിലുള്ള റോഡിന്റെ അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.<br>കാസർഗോഡ് ജില്ലയിലെ ബംഗ്രമഞ്ചേശ്വരത്ത് ഗതാഗത കുരുക്ക് ഇല്ലാതാക്കുന്നതിന്റെ ഭാഗമായി അവിടെ ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും സർക്കാർ പരിഗണനയിലാണ്.<br>കൊല്ലം ജില്ലയിലെ ആര്യങ്കാവിലെ നിലവിലുള്ള ചെക്ക്പോസ്റ്റ് പരിഷ്ക്കരിച്ച് അവിടത്തെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.<br>വയനാട് ജില്ലയിലെ മുത്തങ്ങ ചെക്ക്പോസ്റ്റിലെ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിനുവേണ്ടി അവിടെ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികളും പൂർത്തിയായി വരുന്നു.<br>ഗതാഗതക്കുരുക്ക് കൂടുതൽ ഉണ്ടാകുന്ന ഉത്സവകാലങ്ങളിൽ ചെക്ക്പോസ്റ്റുകളിൽ അധിക ജീവനക്കാരെ നിയമിച്ച് ഗതാഗതക്കുരുക്ക് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |

B.V.Kumar

സെക്ഷൻ ഓഫീസർ